LIBRARY ARCHIVES Kerala Legislative Assembly

നിയമോപദേശം തേടിയ കേസ്സുകൾ

274 (2103) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15, 2015-16 സാമ്പത്തിക വർഷത്തിൽ വിജിലൻസ് വകുപ്പ് നിയമോപദേശം തേടിയ കേസുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓരോ കേസിലും നിയമോപദേശം നൽകിയത് ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേസ്സുകളിൽ ഈ വകയിൽ ഉണ്ടായ സാമ്പത്തിക ചെലവ് കേസ് തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കേസ്സുകളിൽ ഏതൊക്കെ കേസുകളാണ് നിയമോപദേശം ലഭിച്ച ശേഷം അവസാനിപ്പിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) 2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ അന്വേഷണം പൂർത്തിയാക്കിയ എല്ലാ വിജിലൻസ് കേസ്സുകളിലും നിയമോപദേശം തേടിയിട്ടുണ്ട്. ബാർ കോഴക്കേസ് (വി.സി.06/14/എസ്.ഐ.യു.I) ഒഴികെ എല്ലാ കേസ്സുകളിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അഡീഷണൽ ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ/നിയമവിഭാഗം നിയമോപദേഷ്ടാവ്/ ഉപനിയമോപദേഷ്ടാവ് മുതലായവരാണ് നിയമോപദേശം നൽകിയത്. വി.സി. 06/14/എസ്.ഐ.യു. I കേസിൽ സുപ്രീംകോടതി അഭിഭാഷകരായ സർവ്വശ്രീ. മോഹൻ പരാശരനും എൽ. നാഗേശ്വര റാവുവുമാണ് നിയമോപദേശം നൽകിയത്. ബാർകോഴക്കേസിൽ നിയമോപദേശം നൽകിയ വകയിൽ 7,70,000 രൂപയുടെ മെമ്മോ ഓഫ് ഫീസ് ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ തുക നൽകിയിട്ടില്ല. ഓരോ കേസുകളിലും ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അതാത് കേസുകളിൽ പ്രോസിക്യൂഷൻ നടപടിയോ, ട്രിബ്യൂണൽ എൻക്വയറി ഉൾപ്പെടെയുള്ള വകുപ്പുതല നടപടിയോ കൈക്കൊണ്ടിട്ടുണ്ട്. ബാർകോഴക്കേസ് അവസാനിപ്പിച്ചിട്ടില്ല.

ജയിൽ വകുപ്പിനായുള്ള പദ്ധതികൾ

275 (2104) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിലെ ബഡ്ജറ്റിൽ ജയിൽ വകുപ്പിനായി എന്തെല്ലാം പദ്ധതികളാണ് പ്രഖ്യാപിച്ചിരുന്നത് ;

(ബി) ഓരോ പദ്ധതിക്കുമായി പ്രസ്തുത ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര ; അനുവദിക്കപ്പെട്ട തുക എത്ര; അവശേഷിച്ച തുക എത്ര ; വിശദാംശം നൽകുമോ ;